Protected Water supply

7. [5] SHRI. A. A. D. LUIZ: Will the Minister for Works be pleased to state whether any arrangements have been made to improve the protected water supply within the Municipal areas of Ernakulam and Mattancherry and the probable cost for such improvements.

Answer

Yes. The estimated cost is Rs. 25·83 lakhs.

വി. ആർ. ഡി. ഡിപ്പാർട്ടുമെൻറ്.

8. [12] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വി. ആർ. ഡി. ഡിപ്പാർട്ടുമെൻറ് തുടരുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ വില്ലേജുറോഡുകളുടെ അഭിവൃദ്ധിക്കായുള്ള ഭാവി പ്രവർത്തനപരിപാടികൾ എന്തൊക്കെയാണ്; അതിനുള്ള വല്ല പദ്ധതിയും ഉണ്ടാക്കിയിട്ടുണ്ടോ?

(സി) ഏതു ഡിപ്പാർട്ടുമെൻറ് മുഖാന്തിരമാണ് വില്ലേജുറോഡുകൾ അഭിവൃദ്ധിപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

ഉത്തരം.

(എ) പി. ഡബ്ലിയു. ഡി. യുടെ കീഴിലുള്ള വി. ആർ. ഡി വകുപ്പ് തുടരുവാൻ ഉദ്ദേശിക്കുന്നില്ല.

(ബി, സി) വില്ലേജുറോഡുകളുടെ അഭിവൃദ്ധിക്കുവേണ്ടിയുള്ള ഭാവി പ്രവർത്തനം അടുത്ത സാമ്പത്തികവർഷാരംഭം മുതൽ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിന്റെ നിയന്ത്രണത്തിലായിരിക്കും നടക്കുന്നത്. അതിനാവശ്യമായ തുക ലോക്കൽ ബോഡീസ് ഡിപ്പാർട്ടുമെൻറ് ബഡ്ജറിൽ ഉൾപ്പെടുത്തുകയും പി. ഡബ്ലിയു. ഡി. യുടെ കീഴിലുള്ള വി. ആർ. ഡി. സ്റ്റാഫ് അടുത്ത സാമ്പത്തികവർഷം മുതൽ ലോക്കൽ ബോഡീസ് ഡിപ്പാർട്ടുമെൻറിലേക്ക് മാറ്റപ്പെടുകയും ചെയ്യുന്നതാണ്.

മുൻസിപ്പാലിറ്റികൾ.

9. [17] ശ്രീ. തലേക്കര കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 എന്ന സാമ്പത്തികവർഷത്തിൽ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾക്ക് എത്ര രൂപ ഗവണ്മെൻറ് ലോണായും ഗ്രാൻറായും നൽകിയിട്ടുണ്ട്;

(ബി) കുന്നംകുളം മുനിസിപ്പാലിറ്റിക്ക് എത്ര രൂപ ലോണായും ഗ്രാൻറായും നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly